# കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ടി എ ബില്ലുകൾ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ - ബസ് യാത്ര നടത്തിയതിന്റെ ടിക്കറ്റ് ഉൾപ്പെടുത്തി – പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

---

ധനകാര്യ(വ്യയം-സി)വകുപ്പ്

സ.ഉ(അച്ചടി)നം.71/2021/ധന തിരുവനന്തപുരം, തീയതി 03/05/2021

---

പരാമർശം. സ.ഉ(അച്ചടി)നം.150/2019/ധന തീയതി, 05/11/2019

## <u>ഉത്തരവ്</u>

പരാമർശം (1) ഉത്തരവ് പ്രകാരം ത്രൈമാസ യാത്രാബത്ത പരിധിക്ക് പുറത്തുവരുന്ന ക്ലെയിമുകളിൽ യാത്രാബത്ത പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനായി സമർപ്പിക്കുന്ന എല്ലാ യാത്രാബത്ത ബില്ലുകളോടൊപ്പം ഔദ്യോഗിക യാത്രനടത്തിയതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിനായി ട്രെയിൻ/വ്യോമ യാത്ര നടത്തിയതിന്റെ യഥാർത്ഥ യാത്രാ ടിക്കറ്റ് നിർബന്ധമായും സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ടിഎ പരിധിയിൽ നിന്ന് പെർമനന്റായി ഒഴിവാക്കപ്പെട്ട ജീവനക്കാർക്കും ഒറ്റത്തവണ ഇളവ് നൽകിയിട്ടുള്ള എല്ലാ ജീവനക്കാർക്കും ബാധകമാക്കിയാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. എന്നാൽ ബസ് യാത്ര നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ യാത്രാ ടിക്കറ്റ് ഹാജരാക്കണമെന്ന് പരാമർശം (1) ഉത്തരവിൽ നിബന്ധന വച്ചിട്ടില്ല. ബസിൽ യാത്ര ചെയ്ത ദൂരം കണക്കാക്കി ആണ് ബസ് യാത്രയുടെ ബത്ത അനുവദിക്കുന്നത്. എന്നാൽ ഓർഡിനറി മുതൽ എക്സ്പ്രസ് വരെയുള്ള ബസുകളിലെ വ്യത്യസ്ത യാത്രാനിരക്കുകൾ കണക്കിലെടുത്ത് ത്രൈമാസ യാത്രാബത്താ പരിധിക്ക് പുറത്ത് വരുന്ന ക്ളെയിമുകളിൽ ബസ് യാത്ര ഉൾപ്പെട്ടിട്ടുള്ള അപേക്ഷകളിൽ ബസ് യാത്രയുടെ ടിക്കറ്റ് കൂടി സമർപ്പിക്കേണ്ടതാണ് എന്നുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന മറ്റെല്ലാ നിർദേശങ്ങളും മാറ്റമില്ലാതെ തുടരും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഗോകുൽ ജി ആർ ഐ.എ.എസ്**

**ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി**

**(ധനകാര്യ വ്യയം സെക്രട്ടറി ഇൻ ചാർജ്)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-1), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-2), കേരള, തിരുവനന്തപുരം

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/അഡീഷണൽ

സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.

സെക്രട്ടറി, പി.എസ്.സി

രജിസ്ട്രാർ, കേരള/കൊച്ചി/കാോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവ്വകലാശാലകൾ

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

രജിസ്ട്രാർ, കേരള കാർഷിക സർവകലാശാല

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

സെക്രട്ടറി, കെ.എസ്.ഇ.ബി

ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി

സെക്രട്ടറി, ഗവർണർ

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും

എല്ലാ വകുപ്പ് തലവൻമാർക്കും ഓഫീസുകൾക്കും

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഡയറക്ടർ, പബ്ളിക്ക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം

എല്ലാ ജില്ലാ/സബ് ട്രഷറികൾക്കും

നോഡൽ ഓഫീസർ www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

നം: 760285/വ്യയം-സി1/23/2018-ധന

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ